**മധുരമായ കുട്ടികളെ- സദാ ഇതേ ലഹരിയിലിരിക്കൂ ജ്ഞാനസാഗരനായ ബാബയുടെ ജ്ഞാനമഴ നമ്മുടെ മേൽ പെയ്തു കൊണ്ടിരിക്കുകയാണ്, അതിലൂടെ നമ്മൾ പാവനമായി നമ്മുടെ വലിയ വീട്ടിലേക്ക് പോകും.**

**ചോദ്യം-** നിങ്ങൾ കുട്ടികളുടെ ഏതൊരു നിശ്ചയത്തിന്റെ ആധാരത്തിലൂടെ കൂടുതൽ പക്കാ ആയി തീരും?

**ഉത്തരം-** ലോകത്തിൽ എത്ര ബഹളങ്ങൾ വർദ്ധിക്കുന്നുവോ, നിങ്ങളുടെ ദേവീക വൃക്ഷത്തിന്റെ വളർച്ച ഉണ്ടാകും, അത്രയും പഴയ ലോകത്തിൽ നിന്നും മനസ്സ് അകലും, നിങ്ങളുടെ നിശ്ചയം കൂടുതൽ പക്കാ ആകും. തീവ്ര ഗതിയിലുള്ള സേവനം നടക്കും, ധാരണയിൽ ശ്രദ്ധിക്കുകയാണെങ്കിൽ ബുദ്ധിയുടെ സാമർത്ഥ്യം വർദ്ധിക്കും. അപാര സന്തോഷത്തിലിരിക്കാൻ സാധിക്കും.

**ഓം ശാന്തി**. ശിവബാബയെ ഓർമ്മിക്കൂ എന്ന് കുട്ടികളോട് ദിവസവും പറയേണ്ട ആവശ്യമില്ല. കുട്ടികൾക്കറിയാം നമ്മൾ ശിവബാബയുടെ സന്താനങ്ങളാണ്. പറയേണ്ട ആവശ്യം വരുന്നില്ല. ശിവബാബ നമ്മെ ബ്രഹ്മാവിലൂടെ പഠിപ്പിക്കുന്നു, ഇതാണ് ജ്ഞാനസാഗരന്റെ ജ്ഞാന മഴ. കുട്ടികളുടെ ബുദ്ധിയിലുണ്ട് ജ്ഞാനസാഗരനിൽ നിന്നും ഇപ്പോൾ നമ്മുടെ മേൽ ജ്ഞാന മഴ പെയ്തു കൊണ്ടിരിക്കുന്നു. ആരാണൊ ബ്രാഹ്മണരായി തീരുന്നത്, അവരുടെ മേൽ തന്നെയാണ് ഞാൻ ജ്ഞാനത്തിന്റെ മഴ പെയ്യിക്കുന്നത്, കുട്ടികളുടെ സന്മുഖത്തിരിക്കുന്നു. ഇപ്പോൾ കുട്ടികൾ സന്മുഖത്താണ് ഇരിക്കുന്നത്. ബാബ അടിക്കടി സന്മുഖത്തിരിക്കുന്നതിന്റെ ലഹരിയിൽ കൊണ്ടു വരുന്നു. മായ ലഹരിയെ ഇല്ലാതാക്കുന്നു. ചിലരുടേത് പൂർണ്ണമായും ഇല്ലാതാക്കുന്നു, ചിലരുടേത് കുറവും. കുട്ടികൾക്കറിയാം- നമ്മൾ സാഗരനായ ബാബയുടെയടുത്ത് റിഫ്രഷ് ആകുന്നതിന്, അർത്ഥം മുരളി ധാരണ ചെയ്ത് നിർദ്ദേശം സ്വീകരിക്കുന്നതിന് വേണ്ടി വന്നിരിക്കുകയാണ്. നമ്മൾ ബാബയുടെ സന്മുഖത്ത് ഇരിക്കുന്നു. ഈ ജ്ഞാനസാഗരന്റെ മഴ ഒരേയൊരു പ്രാവശ്യമാണ് ഉണ്ടാകുന്നത്. ബാബ വരുന്നത് പതിതരെ പാവനമാക്കുന്നതിനാണ്. മഹിമയും പാടുന്നുണ്ട്- ഹേ പതിത പാവനാ.... സത്യയുഗത്തിൽ ഇങ്ങനെ വിളിക്കില്ല. അവിടെ ജ്ഞാന സാഗരന്റെ ജ്ഞാന മഴയിലൂടെ പാവനമായിട്ടുള്ളവരാണ്, ജ്ഞാനത്തിനോടൊപ്പം പിന്നെ വൈരാഗ്യവുമുണ്ട്. ഏതിന്റെ? പഴയ പതിത ലോകത്തിനേട് ബുദ്ധി കൊണ്ട് വൈരാഗ്യം വരുന്നു. കുട്ടികൾ ബുദ്ധി കൊണ്ട് മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമ്മൾ പുതിയ ലോകത്തിലേക്ക് പോകുന്നു. പഴയ ലോകത്തെ ഉപേക്ഷിക്കണം- ഇതിനെ വൈരാഗ്യം എന്ന് പറഞ്ഞുതന്നു. അച്ഛൻ പുതിയ വീട് വയ്ക്കുമ്പോൾ പഴയതിൽ നിന്നും ബുദ്ധിയോഗം വേറിട്ട് പുതിയതിലേക്ക് പോകുന്നതുപോലെ. മനസ്സിലാക്കുന്നു പഴയത് നശിച്ചു, അതിനാൽ പുതിയതിലേക്ക് പോകണം. കുട്ടികളും ഉള്ളിൽ പറയുന്നു വേഗം സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കണം, എന്നാൽ നമുക്ക് പുതിയ വീട്ടിലേക്ക് പോകാം, സുഖിയാകാം. ആദ്യമാദ്യം നമ്മൾ പ്രിയതമനോടൊപ്പം വീട്ടിലേക്ക് പോകും. ഇത് സ്വന്തം വീടാണ്, ചെറുതാണ്, അത് വലിയ അച്ഛന്റെ വലിയ വീടാണ്. നിങ്ങൾക്കറിയാം അത് സർവ്വ ആത്മാക്കളുടെയും വീടാണ്. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, മററാരുടെയും ബുദ്ധിയിലില്ല. നേരത്തെ അന്ധകാരമായിരുന്നു, ഇപ്പോൾ പ്രകാശമാണ്. ഇതും മനസ്സിലാക്കുന്നുണ്ട് ജ്ഞാനം എല്ലാവരും എടുക്കില്ല. വീട്ടിലേക്ക് എല്ലാവരും തീർച്ചയായും പോകും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ശ്രീമത്തനുസരിച്ച് യോഗ്യരായികൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് യോഗ്യരാകണം. ഒന്ന് എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം ഭസ്മമാകും, രണ്ട് ചക്രം കറക്കൂ. സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നു, ഇതിന്റെ ആയുസ്സ് എത്രയാണ്. ആര് എപ്പോൾ വരുന്നു, ഇതെല്ലാം ബാബ മനസ്സിലാക്കി തരുന്നു. മനുഷ്യൻ 84 ലക്ഷം ജന്മം എടുക്കുന്നുവെന്ന് പറയുന്നുണ്ട്, സർവ്വരും എടുക്കുന്നുണ്ടോ? ഇപ്പോൾ നിങ്ങൾക്കറിയാം 84 ജന്മങ്ങളാണ് ഉള്ളത്, അതിന്റെയും കണക്കുണ്ട്. എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല. ആരംഭം മുതൽ പുനർജന്മത്തിൽ വന്നു കൊണ്ടിരിക്കുന്നു. ചിലർക്ക് അവസാനം ഒന്നോ രണ്ടോ ജന്മമേ ഉണ്ടായിരിക്കൂ. ആദ്യം ആദ്യം വരുന്നവർ 84 ജന്മങ്ങൾ എടുക്കും. ഉദാഹരണം ലക്ഷ്മീ നാരായണൻ, മനുഷ്യർ ഇവരുടെ ക്ഷേത്രങ്ങളിൽ പോകുന്നുണ്ട് എന്നാൽ അവർക്ക് ഒന്നും അറിയില്ല. ഭഗവാൻ ഭഗവതിയുടെ ദർശനം ചെയ്യാൻ പോകുന്നുവെന്ന് പറയും. എന്നാൽ ഇവരുടെ രാജധാനി എങ്ങനെ സ്ഥാപിക്കപ്പെട്ടു, ഇത് മനസ്സിലാക്കുന്നില്ല. ആരുടെയാണൊ പൂജ ചെയ്യുന്നത്, അവരുടെ കർത്തവ്യം മനസ്സിലാക്കുന്നില്ലായെങ്കിൽ ആ പൂജ കൊണ്ട് എന്ത് പ്രയോജനം? അതുകൊണ്ടാണ് ഇതിനെ അന്ധവിശ്വാസം എന്നു പറയുന്നത്. ജപം,തപസ്സ്, തീർത്ഥയാത്ര എന്നിവ ചെയ്യുന്നു, മനസ്സിലാക്കുന്നു ഇതിലൂടെ ഭഗവാനെ പ്രാപ്തമാക്കുന്നതിനുള്ള മാർഗ്ഗം ലഭിക്കുന്നുവെന്ന്. എന്നാൽ ഇതിലൂടെ ആർക്കും ഭഗവാനെ ലഭിക്കില്ല. നോക്കൂ, ഇവിടെയും ചിലർ വരുന്നുണ്ട്,

ദർശനത്തിന് ജഗദംബയുടെ ക്ഷേത്രത്തിൽ പോകുന്നു. ബാബ മനസ്സിലാക്കും ഇവർ ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല, ബുദ്ധിയിൽ ഒന്നുമില്ല. നിങ്ങളുടെ സർവ്വ മനോകാമനകളും പൂർത്തിയായികൊണ്ടിരിക്കുകയല്ലേ. ജഗദംബയുടെ പാർട്ട് കൃത്യമായി നടന്നു കൊണ്ടിരിക്കുന്നു. ജഗദംബയുടെ പാർട്ട് ഉയർന്നതാണ്. ആദ്യം ലക്ഷ്മീ, പിന്നെ നാരായണൻ. നിങ്ങളുടേത് ഇത് അന്തിമ ജന്മമാണ്. ഇവിടെ നിന്നാണ് കർമ്മകണക്ക് സമാപ്തമാകുന്നത്. കർമ്മകണക്ക് അനുഭവിച്ച് തീർക്കണം, ബാബയുടെ ഓർമ്മയിലുമിരിക്കണം. വാസ്തവത്തിൽ കുട്ടികൾ ഓർമ്മിക്കേണ്ടത് ഒരേയൊരു ബാബയെ തന്നെയാണ്. ദേഹധാരിയെ ഓർമ്മിച്ചുവെങ്കിൽ സമയം പാഴാക്കി. നിരന്തരം ഓർമ്മിക്കാൻ ആർക്കും സാധിക്കില്ല. ഒരു വസ്തുവിനെയും ആരും നിരന്തരം ഓർമ്മിക്കാറില്ല. സ്ത്രീക്ക് പതിയെ പോലും നിരന്തരം ഓർമ്മിക്കാൻ സാധിക്കില്ല. തീർച്ചയായും ഭക്ഷണം പാകം ചെയ്യും, കുട്ടികളെ സംരക്ഷിക്കും, അപ്പോഴൊന്നും പതിയുടെ ഓർമ്മ വരില്ല. ഇവിടെ നിങ്ങൾ നിരന്തരം ഓർമ്മിക്കുന്നതിന് അഭ്യസിക്കണം. അന്തിമ സമയത്ത് ബാബയുടെ തന്നെ ഓർമ്മ വരുന്ന രീതിയിലുള്ള അവസ്ഥ ഉണ്ടാകണം, വളരെ വലിയ പരീക്ഷയാണ്. 8 രത്നങ്ങൾക്ക് വളരെ മഹിമയുണ്ട്. ഗൃഹപ്പിഴ ഉണ്ടാകുമ്പോൾ 8 രത്നങ്ങളുടെ മോതിരം ധരിക്കുന്നു. അവസാന സമയത്ത് ഒരേയൊരു ബാബയുടെ തന്നെ ഓർമ്മ ഉണ്ടാകണം, ബുദ്ധിയുടെ ലൈൻ തീർത്തും ക്ലിയറാകണം, മറ്റാരുടെയും ഓർമ്മ വരരുത്- എങ്കിൽ മാലയിലെ മുത്താകാൻ സാധിക്കും. 9 രത്നങ്ങളുടെ മഹിമ വളരെ ഉയർന്നതാണ്. അതിനാൽ ഇപ്പോൾ നിരന്തരം ഓർമ്മിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. ഇപ്പോൾ രണ്ടോ മൂന്നോ മണിക്കൂർ പോലും ഓർമ്മിക്കുന്നില്ല. ലോകത്തിൽ എത്രത്തോളം ബഹളങ്ങൾ വർദ്ധിക്കുന്നുവൊ അത്രയും നിങ്ങൾക്ക് നിശ്ചയം ഉണ്ടാകും, പഴയ ലോകത്തിനോടുള്ള മമത്വം ഇല്ലാതാകും. നിറയെ പേർ മരിക്കും, ബുദ്ധിയിലൂടെ മനസ്സിലാക്കി മായ വളരെ പഴയ ശത്രുവാണ്. ശത്രുക്കളില്ലാത്ത ഒരു സ്ഥലവുമില്ല.

നിങ്ങൾ കുട്ടികൾ ഇപ്പോൾ അഴുക്കിൽ നിന്നും സ്വച്ഛമായി കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ജ്ഞാനമുണ്ട്- അപവിത്രമായിട്ടുള്ളവരുടെ കൈകൾ കൊണ്ടുണ്ടാക്കിയത് നമുക്ക് കഴിക്കാൻ സാധിക്കില്ല. പറയാറുണ്ട്- ഏതു പോലെ അന്നം അതേ പോലെ മനസ്സ്. ആര് മോശമായത് മേടിക്കുന്നു, പാകം ചെയ്യുന്നു, കഴിക്കുന്നു- അവരുടെ മേൽ പാപം ഉണ്ടാകുന്നു. ബാബ എല്ലാ കാര്യങ്ങളും നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. നിങ്ങൾ കുട്ടികൾ ഇവിടെ വന്ന് റിഫ്രഷ് ആയി പോകുന്നു. മുഴുവൻ ദിവസവും ബുദ്ധിയിൽ സൃഷ്ടി ചക്രം കറങ്ങി കൊണ്ടേയിരിക്കണം, തന്റെ വീടിന്റേയും ഓർമ്മ ഉണ്ടായിരിക്കണം. ഇവിടെ നിന്ന് നിങ്ങൾ തന്റെ ലൗകിക വീട്ടിലേക്ക് പോകുമ്പോൾ അവസ്ഥയിൽ മാറ്റം വരുന്നു കാരണം കൂട്ട്കെട്ട് മാറുന്നു. ഇവിടെയിരുന്ന് കൊണ്ടും ചിലരുടെ ബുദ്ധിയോഗം പുറത്തേക്ക് അലയുന്നു, ഇതിനാൽ പൂർണ്ണമായും ധാരണ ചെയ്യാൻ സാധിക്കില്ല. നിങ്ങൾ ആത്മാക്കൾക്ക് പരിധിയില്ലാത്ത അച്ഛനാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾ ആത്മാവാണ്, ഈ ശരീരത്തിലൂടെ കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ബാബയിലൂടെ ശ്രീമത്തെടുത്ത് തന്റെ രാജ്യ ഭാഗ്യം നേടി കൊണ്ടിരിക്കുന്നു. എത്ര സന്തോഷം ഉണ്ടാകണം. പാടാറുണ്ട്- അതീന്ദ്രിയ സുഖത്തെ കുറിച്ചറിയണമെങ്കിൽ ഗോപീ വല്ലഭന്റെ ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന്. അവസ്ഥ എത്രത്തോളം ശ്രേഷ്ഠമാകുന്നുവോ വൃദ്ധി നേടുന്നുവൊ അത്രയും സന്തോഷത്തിന്റെ ലഹരിയും വർദ്ധിക്കും, നിശ്ചയവും പക്കാ ആകും. ധാരണയിൽ ശ്രദ്ധിക്കുകയാണെങ്കിൽ നിങ്ങളുടെ ബുദ്ധിയുടെ തീരുമാനമെടുക്കാനുള്ള ശക്തിയും വർദ്ധിക്കും. പോകുന്തോറും നിങ്ങളുടേത് തീവ്രഗതിയിലുള്ള സേവനമാകും. മറ്റുള്ളവർക്ക് ജ്ഞാനത്തിന്റെ അമ്പ് എയ്യുന്നതിനുള്ള യുക്തി കണ്ടെത്തണം. ഏറ്റവും മുഖ്യം ബാബയുടെ പരിചയം നല്കുക എന്നതാണ്. പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്താണ് ലഭിക്കുന്നത്. ജ്ഞാനസാഗരൻ ബാബ തന്നെയാണ്.ജ്ഞാനത്തിലൂടെ തന്നെയാണ് മനുഷ്യൻ പാവനമാകുന്നത്. ബാബ തന്നെയാണ് പതിത പാവനൻ. നിങ്ങൾ ഈ ഒരേയൊരു പോയിന്റ് തന്നെ എടുക്കൂ- സർവ്വവ്യാപിയുടെ കാര്യത്തിലൂടെ ഭക്തി പോലും നടക്കില്ല. ഈ കാര്യം നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. മനുഷ്യർ പറയുന്നു- ഇവരുടെ ജ്ഞാനത്തിലൂടെ വിനാശം ഉണ്ടാകും. നിങ്ങളും പറയുന്നു ഈ രുദ്ര ജ്ഞാന യജ്ഞത്തിലൂടെ തന്നെയാണ് വിനാശ ജ്വാല ആരംഭിക്കുന്നത്. അവരും പറയുന്നത് സത്യമാണ്. ചിലർ മനസ്സിലാക്കില്ല, വിനാശം തീർച്ചയായും ഉണ്ടാകും. കഴിഞ്ഞ കല്പത്തിലും ഉണ്ടായിട്ടുണ്ട്. ഭഗവാനുവാചാ- രുദ്ര ജ്ഞാന യജ്ഞത്തിൽ സർവ്വതും സ്വാഹാ ആകും. അവർ മനസ്സിലാക്കുന്നു- ഇവരുടെ ജ്ഞാനം ഇങ്ങനെയാണ്, അതിനാൽ തർക്കിക്കുന്നു. വളരെ ഭക്തി ചെയ്താലേ ഭഗവാനെ ലഭിക്കൂ എന്ന് മനസ്സിലാക്കുന്നു. നമ്മളും പറയുന്നു ആരാണൊ കൂടുതൽ ഭക്തി ചെയ്തിട്ടുള്ളത്, അവർക്കാണ് ഭഗവാനെ ലഭിച്ചിട്ടുള്ളത്. എന്നാൽ ഈ കാര്യങ്ങൾ മനസ്സിലാക്കാൻ മനുഷ്യർക്ക് പരിശ്രമം അനുഭവപ്പെടുന്നു. കഴിഞ്ഞ കല്പത്തിലും നിങ്ങൾ കുട്ടികൾ ബാബയുടെ സഹയോഗത്തിലൂടെ നരകത്തെ സ്വർഗ്ഗമാക്കിയിരുന്നു. അപ്പോൾ തീർച്ചയായും നരകത്തിന്റെ വിനാശം നടന്നിട്ടുണ്ടാകും. നരകത്തിന്റെ വിനാശം ഉണ്ടായാലേ സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകൂ. ഇതും നിങ്ങൾക്ക് പറഞ്ഞു കൊടുക്കാൻ സാധിക്കും- ഭാരതം തീർത്തും സമ്പന്നമായിരുന്നു. ഇത് ഏത് ധർമ്മത്തിലുള്ള

വരും പറയും– സ്വർഗ്ഗമായിരുന്നുവെന്ന്. പ്രാചീനം അർത്ഥം ഏറ്റവും പഴയത്. അത് തീർച്ചയായും സ്വർഗ്ഗം തന്നെയായിരിക്കും, പഴയതായത് വീണ്ടും പുതിയതാകണം. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഈ ദേവീ ദേവതമാരുടെ രാജ്യമായിരുന്നു, ഇപ്പോഴില്ല. വീണ്ടും ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യിച്ചു കൊണ്ടിരിക്കുന്നു. ആരുടെ സഹയോഗത്തിലൂടെ? സർവ്വരുടെയും നിരാകാരനായ ബാപൂജി. സർവ്വാത്മാക്കളുടെയും അച്ഛനാണ്. ഈ കാര്യങ്ങൾ നിങ്ങൾക്കറിയാം.നിങ്ങൾ എത്ര സാധാരണമാണ്. ബാബ പറയുന്നു– ഞാനും ദരിദ്രരുടെ പങ്കാളിയാണ്, നിങ്ങളും ദരിദ്രരല്ലേ. നിങ്ങളുടെയടുത്ത് എന്താണ് ഉള്ളത്? നിങ്ങൾ സർവ്വതും ഭാരതത്തിന്റെ മേൽ സ്വാഹാ ചെയ്തു, നിങ്ങളുടേത് രാവണനുമായുള്ള എത്ര വലിയ യുദ്ധമാണ്. ശക്തി സൈന്യമല്ലേ. വന്ദേമാതരം എന്നു പാടാറുണ്ട്. അപവിത്രമായിട്ടുള്ളവർ പവിത്രമായവരെ വന്ദിക്കുന്നു. ഏത് മാതാവാണ്? അവർ ഭൂമി ദേവീ എന്ന് മനസ്സിലാക്കുന്നു. എന്നാൽ ഇത് ഭൂമിയിൽ വസിക്കുന്നവരുടെ കാര്യമാണ്. ജഗദംബ ഉണ്ടെങ്കിൽ മക്കളും ഉണ്ട്. ഈ ദിൽവാലാ ക്ഷേത്രം സ്മരണയ്ക്കായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. കുമാരിമാരും ഉണ്ട്, അധർകുമാരിമാരും ഉണ്ട്. ഇവരെ മാതാവെന്നും പറയുന്നു. നിങ്ങൾ പറയുന്നു– ബാബാ ഞങ്ങൾ ബി കെ ആണ്. ഞങ്ങളെ മാതാവ് എന്നു പറയാതെ മകൾ എന്നു പറയൂ, ഞങ്ങൾ കുമാരിമാരാണ്. മനസ്സിലാക്കേണ്ട എത്രയോ ഗുപ്തമായ കാര്യങ്ങളാണ്. എന്നാൽ അംഗീകരിക്കാൻ സാധിക്കില്ല. പഴയ ജന്മ ജന്മാന്തരങ്ങളിലെ ദേഹ ബോധമുണ്ട്, അത് ഇല്ലാതാകുന്നേയില്ല. നിങ്ങളുടെ ബുദ്ധിയിലുണ്ട് ബാബ നമ്മുടെ സന്മുഖത്തിരിക്കുന്നു. ആത്മാക്കളോട് സംസാരിക്കുന്നു. ബാബ ഈ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ബാബ വന്ന് അലൗകിക ദിവ്യ കർത്തവ്യം ചെയ്യുന്നു. പതിതരെ പാവനമാക്കുന്നതിന് പഠിപ്പിക്കുന്നു. പൂർണ്ണമായും ഓർമ്മയുണ്ടായിരിക്കണം. നമ്മെ പതിത പാവനനായ ശിവ ബാബയാണ് പഠിപ്പിക്കുന്നത്. പതിത പാവനൻ ഏറ്റവും ഉയർന്നതായി, പിന്നെ ബാബ ടീച്ചറും കൂടിയാണ്. ആദ്യം ആദ്യം ഈ അക്ഷരം വരണം– പതിത പാവനൻ. ബാബയെ വിളിക്കുന്നുണ്ട്– ഓ ഗോഡ് ഫാദർ വരൂ....വന്ന് വീണ്ടും ഞങ്ങളെ രാജയോഗം പഠിപ്പിക്കൂ. ബാബയും പറയുന്നു വീണ്ടും നിങ്ങൾ കുട്ടികളെ സഹജ ജ്ഞാനം, യോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു, ഇവിടെ പുസ്തകത്തിന്റെയൊന്നും കാര്യമില്ല. ഇത് അവർ വെച്ചിട്ടുള്ള പേരുകളാണ്. ഇപ്പോൾ ബാബ നിങ്ങളെ യോഗ്യരാകുന്നതിനുള്ള ശിക്ഷണമാണ് നല്കി കൊണ്ടിരിക്കുന്നത്.നിത്യവും പുതിയ പോയിന്റ് ലഭിക്കുന്നു. മറ്റ് ഗീത, ഗ്രന്ഥളിലൊന്നും കൂട്ടിച്ചേർക്കലോ മാറ്റങ്ങളോ ഒന്നും ചെയ്യുന്നില്ല, അത് തന്നെയാണ് കേൾപ്പിക്കുന്നത്. ഇവിടെ പുതിയ പുതിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. ദിവസേന പുതിയ പോയിന്റ്സ് ലഭിക്കുന്നു. ജ്ഞാനം വളരെ വിചിത്രമാണ്, അത് മറ്റൊരു ശാസ്ത്രങ്ങളിലുമില്ല. കാമം മഹാശത്രുവാണ്, ഭഗവാനുവാചാ ദേഹസഹിതം സർവ്വതിനെയും മറക്കൂ, ഒന്നിനെ ഓർമ്മിക്കൂ. ഞാൻ നിങ്ങൾ സർവാത്മാക്കളെയും തിരികെ കൊണ്ടു പോകും. ഞാൻ അകാല മൂർത്താണ്, കാലൻമാരുടെയും കാലനാണ്. ഞാൻ സർവ്വ കുട്ടികളെയും കൊണ്ടു പോകാനാണ് വന്നിരിക്കുന്നത്, അതിനാൽ നിങ്ങൾക്ക് സന്തോഷം ഉണ്ടായിരിക്കണ്ടേ.

നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പോകുന്നു. വേഗം സമർത്ഥരാകണം, ബാബയിൽ നിന്നും സമ്പത്തെടുക്കണം. അതു വരെ യുദ്ധം തുടങ്ങേണ്ട. ബാബ പറയും– എനിക്കൊന്നും ചെയ്യാൻ സാധിക്കില്ല. ആദ്യം റിഹഴ്സൽ ഉണ്ടാകും. ഇപ്പോൾ രാജാക്കൻമാർ പോലും വന്നിട്ടില്ല, രാജസ്ഥാനിലും മനസ്സിലാക്കി കൊടുക്കണം. പറയൂ– നിങ്ങൾക്കറിയാം രാജസ്ഥാൻ എന്ന പേര് എന്തു കൊണ്ട് ഉണ്ടായി? ഭാരതത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. വീണ്ടും ആ രാജസ്ഥാൻ വരണം, അതാണ് ഇപ്പോൾ സ്ഥാപിതമായി കൊണ്ടിരിക്കുന്നത്. നമുക്കറിയാം എന്നാൽ ബുദ്ധിയിലിരുന്നാലേ സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുകയുള്ളൂ. ഭക്തി മാർഗ്ഗത്തിൽ ഈ ദേവതമാരുടെ ക്ഷേത്രങ്ങൾ പണിയുന്നു. ഭാരതത്തിൽ എത്രയോ ധനമുണ്ടായിരുന്നു. നമ്മൾ വീണ്ടും ഇതിനെ ദേവീക രാജസ്ഥാൻ ആക്കുന്നു. ഈ കാര്യങ്ങൾ വന്ന് മനസ്സിലാക്കൂ. മനസ്സിലാക്കി കൊടുക്കുന്നതിനും ഉത്സാഹം ഉണ്ടായിരിക്കണം. ഇതും സെമിനാർ അല്ലേ. എങ്ങനെ സേവനം ചെയ്യണം. ബാബ മനസ്സിലാക്കി തന്നു കുമാരിമാർ, മാതാക്കൾ, ഗോപൻമാർ സർവ്വരും ഒരുമിച്ചാണ് കേൾക്കുന്നത്. ഉയർന്നതിലും വെച്ച് ഉയർന്നത് ഒരേയൊരു ഭഗവാനാണ്, കൃഷ്ണനല്ല. അതിനാൽ രാജസ്ഥാനിൽ പോയി നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. തീർത്തും രാജസ്ഥാനായിരുന്നു, ആരുടെ ക്ഷേത്രങ്ങളാണോ ഉണ്ടായിരുന്നത് അത് വീണ്ടും ഞങ്ങൾ ഉണ്ടാക്കുന്നു. ബാബ നമ്മെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളും ശ്രമിക്കൂ– അരകല്പത്തേക്ക് വേണ്ടി. പിന്നീട് ഒരിക്കലും കരയേണ്ടി വരില്ല. നമ്മൾ രാമന്റെ ശ്രീമത്തിലൂടെ രാവണന്റെ മേൽ വിജയം നേടി കൊണ്ടിരിക്കുന്നു. അക്ഷരം കേൾക്കുമ്പോൾ മനസ്സിലാകും. ഉള്ളിൽ തറച്ചവർ മനസ്സിലാക്കാൻ വരും. ഈ പരിധിയില്ലാത്ത സെമിനാർ ബാബ ദിവസേന ചെയ്യുന്നു. ഇതാണ് പരമാത്മാവും ആത്മാക്കളുമായുള്ള സെമിനാർ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. കർമ്മകണക്കിൽ നിന്നും മുക്തമാകുന്നതിന് ഒരേയൊരു ബാബയുടെ ഓർമ്മയിലിരിക്കണം. ദേഹധാരി യുടെ ഓർമ്മയിലൂടെ സമയം വേസ്റ്റാക്കരുത്. ബുദ്ധിയുടെ ലൈൻ വളരെ ക്ലിയറാക്കി വെയ്ക്കണം.

2.വളരെ ശുദ്ധമായ ഭക്ഷണം കഴിക്കണം. അന്നം എങ്ങനെയോ അതുപോലെയാണ് മനസ്സ്, അതിനാൽ അപവിത്രമായവരുടെ കൈകൾ കൊണ്ടുണ്ടാക്കിയത് കഴിക്കരുത്. ബുദ്ധിയെ സ്വച്ഛമാക്കണം.

**വരദാനം:- ആത്മീയ സഹാനുഭൂതി(സിംപതി)യിലൂടെ സർവ്വരെയും സന്തുഷ്ടമാക്കുന്ന സദാ സമ്പന്നരായി ഭവിക്കട്ടെ.**

ഇക്കാലത്ത് ലോകത്തിൽ സമ്പന്നരായി വളരെ പേരുണ്ട്, പക്ഷെ ഏറ്റവും അത്യാവശ്യമായ സമ്പത്താണ് സഹാനുഭൂതി . ദരിദ്രനാകട്ടെ ധനികനാകട്ടെ ഇക്കാലത്ത് സഹാനുഭൂതിയില്ല. താങ്കളുടെ കൈവശം സഹാനുഭൂതിയുടെ സമ്പത്തുണ്ട്, അതിനാൽ ആർക്കും ഒന്നും കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും സഹാനുഭൂതിയിലൂടെ എല്ലാവരെയും സന്തുഷ്ടരാക്കാൻ സാധിക്കും. താങ്കളുടെ സിംപതി ഈശ്വരീയ പരിവാരത്തിന്റെ ബന്ധത്തിലൂടെയാണ്, ഈ ആത്മീയ സിംപതിയിലൂടെ ശരീരത്തിന്റെയും മനസ്സിന്റെയും ധനത്തിന്റെയും ആവശ്യകത പൂർത്തീകരിക്കാൻ സാധിക്കുന്നു.

**സ്ലോഗൻ:- ഓരോ കാര്യത്തിലും സാഹസികതയെ കൂട്ടുകാരനാക്കൂ എങ്കിൽ സഫലത അവശ്യം ലഭിക്കും.**